# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 681 10/03/2015-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യകരവും, അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ/നടപടികൾ **അനുബന്ധമായി** ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയ ബന്ധിതമായി നടപടികൾ ഉണ്ടാകുമോ ; | (ബി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (സി) | മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമി, വീട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ? | (സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞത് 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെയുള്ള ഭൂമി വാങ്ങി നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനും മുൻവർഷങ്ങളിൽ അനുവദിച്ച പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ്- ഇൻ എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275(1) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യങ്ങളായ റോഡ്, പാലം ഉൾപ്പെടെയുള്ള പദ്ധതികളും കുടിവെള്ളം, വൈദ്യുതി, സോളർ ലൈറ്റുകൾ നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്നതിനായി ആവശ്യമായ തുക അതാത് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.
- 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 14 പ്രദേശങ്ങളിലെ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപ യുടെ അടിസ്ഥാന സൗകര്യ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 148 കോടി രൂപ 2011-15 കാലയളവിൽ ലഭിക്കുകയും ടി പദ്ധതിയുടെ നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്.
- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് ഭവന നിർമ്മാണം അതാത് വർഷങ്ങളിൽ ലഭിക്കുന്ന പദ്ധതി വിഹിതം ആവശ്യകതയെക്കാൾ പരിമിതമായതിനാൽ ഹഡ്കോയിൽ നിന്നും 130 കോടി രൂപ വായ്പ എടുക്കുവാൻ തീരുമാനിക്കുകയും ആയതിന് അനുമതി ലഭിക്കുകയും ചെയ്തു. 2014-15 സാമ്പത്തീക വർഷത്തിൽ ഇതിൽ 50 കോടി രൂപയ്ക്കുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയത്.
- ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ (റ്റി.അർ.ഡിഎം)- പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ പ്രവർത്തനത്തിന് 20 കോടിരൂപ വകയിരുത്തിയിതിൽ 5 കോടിരൂപ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസമേഖലയിൽ ഭവന നിർമ്മാണത്തിനും, ബാക്കി തുക ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷംരൂപയിൽ കവിയാതെ 25 സെന്റ് കുറയാതെ ഒരേക്കർ വരെ ഭൂമിവാങ്ങി നൽകുന്നതിന് വിനിയോഗിച്ചു. 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ മുഖേന 345 ഗുണഭോക്താക്കാൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.
- 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒരു പുതിയ പദ്ധതിയാണ് ഹാംലെറ്റ് വികസന പദ്ധതി. (2013-14 വർഷത്തിൽ 18 സങ്കേതവും, 2014-15 വർഷത്തിൽ 25 സങ്കേതവും) തെരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- ആരോഗ്യ പരിപാലനത്തിനായി ജനനി ജന്മരക്ഷ, ചികിത്സാ ധനസഹായം, സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടപ്പിലാക്കി വരുന്നു. ജനനീ ജന്മരക്ഷ പദ്ധതി പ്രകാരം ഗർഭിണിയായതിന്ശേഷമുള്ള മൂന്നുമാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ പ്രതിമാസം 1000 രൂപവരെ ധനസഹായം നൽകുന്നു.
- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്/ ആശ്രമസ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പിനും നിർമ്മാണത്തിനുമുള്ള പദ്ധതികളും സ്കോളർഷിപ്പ് തുടങ്ങിയവയും നടപ്പിലാക്കി വരുന്നു.
- വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- ഗിരിവർഗ്ഗപ്രദേശത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യവികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ , പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ തൊഴിൽ പരിശീലന പരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
- 2013-14 സാമ്പത്തിക വർഷം സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി 500 യുവതികൾക്ക് ആട്ടോറിക്ഷയും ഡ്രൈവിംഗ് പരിശീലനവും നൽകി. ഇതുനുപുറമെ അവിവാഹിതരായ അമ്മമാർക്കുള്ള ധന സഹായം, സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സഹായം, അനാഥരായ കുട്ടികൾക്കുള്ള ധന സഹായം, വിവാഹ ധനസഹായം, തുടങ്ങിയ ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡ് - ന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 134 റോഡുകളും 2 പാലങ്ങളും നിർമ്മിക്കുന്നതിനായി 103 കോടി രൂപയുടെ വായ്പയ്ക്കുള്ള അനുമതി ലഭിക്കുകയും പ്രസ്തുത പദ്ധതിയുടെ നിർവഹണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഗോത്രസാരഥി - ഉൾവനങ്ങളിലും അതീവ ദുർഘട മേഖലകളിലും താമസിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോകുന്നതിന് അദ്ധ്യാപക രക്ഷകർത്തൃസംഘടനകൾ വഴിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ , വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹായത്തോടെ യാത്രാ സൗകര്യം നൽകുന്ന പദ്ധതി
- പ്രൊഫഷണൽകോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നു.
- മിടുക്കരായ വിദ്യാർത്ഥികൾക്ക് എൻട്രൻസ്(മെഡിക്കൽ/എഞ്ചിനീയറിംഗ്) പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിന് പരിശീലനം നൽകുന്നു.
- അരിവാൾ രോഗബാധിതർക്ക് ഒരു സാന്ത്വനമെന്നനിലയിൽ പ്രതിമാസം 1000 രൂപ നൽകുന്നു.
- പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യന്മാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും വർഷത്തിൽ 10,000 രൂപാ വീതം ധനസഹായം നൽകുന്നു.
- കൈത്താങ്ങ് പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരും, നിരാലംബരും മാതാപിതാക്കളുടെ സംരക്ഷണം ലഭ്യമാകാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000 രൂപാ ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ